# ITHITHANAM
# ST. MARY'S CHURCH




**ആ**ത്മീയ കാര്യങ്ങളിൽ തൽപ്പരരായ വാകത്താനത്തും സമീപ പ്രദേശങ്ങളിലുമുള്ള യാക്കോബായ വിശ്വാസികൾ ഒത്തുകൂടി 1108–ാമാണ്ടിൽ കോട്ടയം ഇടവകയുടെ മീഖായേൽ മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ അനുമതി കൽപ്പനപ്രകാരം വാകത്താനം പുത്തൻചന്തയിൽ വി. ദൈവമാതാവിന്റെ നാമത്തിൽ പള്ളി സ്ഥാപിച്ചു. സ്ഥാപനകാലം മുതൽ സഭയിലെ പ്രമുഖരായ പല വൈദികരും ഈ പള്ളിയിൽ ആത്മീയാവശ്യങ്ങൾ നിറവേറ്റി തന്നിരുന്നു. 1943 ൽ ഈ ഇടവകയിൽ നിന്ന് ശ്രീ. സി.വി. ജോർജ്ജിന് മീഖായേൽ മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത കശ്ശീശ പട്ടം നൽകി, ഈ പള്ളിയിൽ തന്നെ വൈദികനായി നിയമിച്ചു. സഭയിൽ ഭിന്നതയുടെ കാലത്ത് അച്ചൻ ഉൾപ്പെടെയുള്ള ഇടവകാംഗങ്ങൾ പാത്രിയർക്കീസ് പക്ഷത്ത് ഉറച്ചു നിന്നിരുന്നു. 1964 ൽ സഭയിൽ സമാധാനം ഉണ്ടായപ്പോൾ ഈ ഇടവക അത് ആത്മാർത്ഥമായി അംഗീകരിക്കുകയും ബഹു. സി.വി. ജോർജ്ജ് അച്ചൻ പരി. പാത്രിയർക്കീസ് ബാവായെ സന്ദർശിക്കുകയും, പരി. ബാവാ അദ്ദേഹത്തിന് കോറെപ്പിസ്കോപ്പ സ്ഥാനം നൽകി ആദരിക്കുകയും ചെയ്തു.

1972 ൽ സഭയിൽ വീണ്ടും ഭിന്നത ഉണ്ടായപ്പോൾ പള്ളിയുടെ സ്ഥാപന ലക്ഷ്യമായ അന്ത്യോഖ്യാ മലങ്കരബന്ധം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുമെന്ന് ഇടവക ഒന്നടങ്കം തീരുമാനമെടുത്തു. കാലക്രമേണ ബഹു. സി.വി. ജോർജ്ജച്ചൻ കാതോലിക്കാ പക്ഷത്തേക്ക് മാറുകയും സൺഡേസ്കൂൾ ഡയറക്ടർ ജനറൽ പദവി സ്വീകരിക്കുകയും ചെയ്തു. ഇടവകാംഗങ്ങൾ ഭൂരിപക്ഷം പേരും പാത്രിയർക്കീസ് പക്ഷത്ത് ഉറച്ചു നിൽക്കുകകയും ചെയ്തു. കാലം മുൻപോട്ടു പോയി, ഈ കാലയളവിൽ പള്ളിയിൽ ഇരുവിഭാഗങ്ങളിൽ നിന്നും മേൽപട്ടക്കാരെ സ്വീകരിക്കുകയുണ്ടായില്ല. എന്നാൽ 1985 ൽ കൂടിയ പള്ളി പൊതുയോഗം വിവാഹം, മാമ്മോദീസാ ശവസംസ്കാരം എന്നീ ആവശ്യങ്ങൾക്ക് ഇരുവിഭാഗങ്ങളിലുമുള്ള മേൽപട്ടക്കാരെ പള്ളിയിൽ കൊണ്ടുവരുന്നതിന് അനുവദിക്കുകയും അതിന് വരുന്ന ചെലവുകൾ അവരവർ തന്നെ വഹിക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. 1989 മാർച്ച്മാസം കൂടിയ പള്ളി മാനേജിംഗ് കമ്മറ്റി 1989 ഏപ്രിൽ 2–ാം തീയതി മൂലയിൽ കുര്യാക്കോസ് അച്ചൻ പള്ളിയിൽ കുർബ്ബാന അർപ്പിക്കണമെന്നും അന്ന് പള്ളിയിൽ നടക്കുന്ന വിവാഹ കൂദാശ അഭിവന്ദ്യ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത നടത്തണമെന്നും തീരുമാനിച്ചു. ഏപ്രിൽ 2–ാം തീയതി വി. കുർബ്ബാന അർപ്പിക്കുവാൻ മൂലയിൽ കുര്യാക്കോസ് അച്ചൻ വന്നപ്പോൾ മറ്റൊരു വൈദികനെക്കൊണ്ട് വി. കുർബ്ബാന ചൊല്ലിക്കുകയും വിവാഹകൂദാശ അലങ്കോലപ്പെടുത്തുവാൻ മറുവിഭാഗം ശ്രമിക്കുകയും ചെയ്തു. പ്രശ്നങ്ങൾ കോടതിയിൽ എത്തിയപ്പോൾ പള്ളിയുടെ ഉടമ്പടിപ്രകാരം ബഹു. ജോർജ്ജച്ചൻ മാത്രം വി. കുർബ്ബാന അർപ്പിക്കുവാൻ കോടതി അനുവാദം നൽകി. ഈ കാലയളവിൽ പാത്രിയർക്കീസ് വിഭാഗത്തെ ഒരു കാര്യത്തിലും സഹകരിപ്പിക്കുകയുണ്ടായില്ല.

പ്രായാധിക്യത്താൽ അച്ചന് കുർബ്ബാന അർപ്പിക്കുവാൻ സാധിക്കാതെ വന്നപ്പോൾ അവർ പള്ളി അടച്ചിടുകയും പള്ളിക്കു സമീപം ഒരു ചാപ്പൽ നിർമ്മിച്ച് ആരാധന നടത്തുകയും പാത്രിയർക്കീസ് വിഭാഗത്തിന് ആരാധന നിഷേധിക്കുകയും ചെയ്തു. ഇതേതുടർന്ന് പാത്രിയർക്കീസ് പക്ഷം തങ്ങളുടെ വിശ്വാസ സംരക്ഷണാർത്ഥം സ്ഥാപിച്ച സംഘടനയായ വി. മർത്തമറിയം യാക്കോബായ അസോസിയേഷൻ പൊതുയോഗം കൂടി തങ്ങൾക്കും ഒരു ദേവാലയം ഉണ്ടാക്കണമെന്ന് തീരുമാനിച്ചു. അനുവാദത്തിനായി ഇടവക മെത്രാപ്പോലിത്തായെ സമീപിക്കുകയും അനുവാദകൽപ്പന വാങ്ങുകയും ചെയ്തു. അതിൻപ്രകാരം, കോട്ടയം, ചങ്ങനാശ്ശേരി, മാളികക്കടവ് റൂട്ടിൽ, ഇത്തിത്താനത്ത് 10 സെന്റ് സ്ഥലം വാങ്ങി പണി ആരംഭിച്ചു. സമീപവാസികളുടെയും സത്യവിശ്വാസികളായ സഭാമക്കളുടെയും സഹകരണത്താൽ മൂന്നു മാസംകൊണ്ട് പള്ളി പണി തീരുകയും ങ.ങ.ഉ.ങ. പാട്രിയാർക്കൽ സെന്റർ എന്ന് നാമകരണം ചെയ്യുകയും ചെയ്തു. അഭി: ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത 1993 ഡിസംബർ 25-ാം തീയതി കൂദാശ നിർവ്വഹിച്ചു. ഈ പള്ളിയുടെ ആലോചന മുതൽ അതിന്റെ പൂർത്തീകരണം വരെ വന്ദ്യ മൂലയിൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പ നൽകിയ സേവനങ്ങൾ ഒരിക്കലും മറക്കാൻ സാധിക്കയില്ല.

ഈ പള്ളി സ്ഥാപനത്തിനു ശേഷം ഈ പള്ളി ഇടവകയിൽ നിന്ന് വൈദിക സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഫാ. ഡോ. ലൂക്കോസ് ചിറത്തലാട്ട് ഇപ്പോൾ വിയന്നായിൽ സേവനം അനുഷ്ഠിക്കുന്നു. വാകത്താനത്ത് പുത്തൻചന്തയിലുള്ള ഇടവകപള്ളി കഴിഞ്ഞ 12 വർഷം കേസിനെ തുടർന്ന് പൂട്ടി കിടക്കുകയായിരുന്നു. ഇരു വിഭാഗങ്ങളും തമ്മിൽ കോടതിക്കു പുറത്തുവച്ച് നടന്ന ചർച്ചകളിൽ പ്രശ്നം പരിഹരിക്കുവാൻ തീരുമാനിച്ചു. അതിൻപ്രകാരമുള്ള വ്യവസ്ഥകൾ കോടതിയിൽ സമർപ്പിക്കുകയും കോടതി അത് വിധിയായി പ്രസ്താവിക്കുകയും ചെയ്തു. വിധിപ്രകാരം ഇടവക പള്ളിയും പാരീഷ്ഹാളും ഓർത്തഡോക്സ് വിഭാഗത്തിനും, പള്ളിമുറിയും ചുറ്റുമുള്ള സ്ഥലവും പുത്തൻചന്തയിലുള്ള കുരിശിൻതൊട്ടിയും പാത്രിയർക്കീസ് വിഭാഗത്തിനും സെമിത്തേരി ഇരുവിഭാഗത്തിനും ഒരുപോലെ ഉപയോഗിക്കുവാനും സെമിത്തേരിയിലുള്ള ബാക്കി സ്ഥലം ഇരുവിഭാഗത്തിനും തുല്യമായും വീതിച്ചു നൽകി. പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട ആളുകൾ മരിച്ചാൽ സംസ്ക്കാര ശുശ്രൂഷകൾ നടത്തുവാൻ ഇടവകപ്പള്ളി തുറന്ന് നൽകേണ്ടതും പാത്രിയർക്കീസ് വിഭാഗത്തിലെ ശ്രേഷ്ഠ ബാവായോ മേൽപ്പട്ടക്കാരോ പള്ളിയിൽ പ്രവേശിച്ച് കർമ്മങ്ങൾ നടത്തുവാൻ അവകാശം ഉള്ളതുമാണ്. ഇപ്പോൾ അതിൻപ്രകാരം കാര്യങ്ങൾ നടന്നു പോരുന്നു.

പ്രശ്നങ്ങൾ അവസാനിച്ചതിനാൽ M.M.D.M. പാട്രിയാർക്കൽ സെന്ററിനെ ഒരു പള്ളിയാക്കാൻ പൊതുയോഗം തീരുമാനിക്കുകയും അപ്രകാരം സെന്റ് മേരീസ് ജാക്കോബൈറ്റ് സിറിയൻ ചർച്ച് ഇത്തിത്താനം എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നു. ഈ പള്ളിയും സ്ഥാപനങ്ങളും ങ.ങ.ഉ.ങ. ചാരിറ്റബൾ ട്രസ്റ്റി (ഗ.533/97) ന്റെ ഉടമസ്ഥതയിലാണ്. ഈ പള്ളിയുടെ പ്രാരംഭ വികാരിയായി പ്രവർത്തിച്ച ഫാ. കുര്യാക്കോസ് മണലേൽച്ചിറ, ഫാ. തോമസ് കെ. ഇട്ടി കുന്നത്തയ്യാട്ട്, 10 വർഷക്കാലം വികാരിയായി പ്രവർത്തിച്ച റവ. ഡോ. മാണിരാജൻ, ഈ പള്ളിയിൽ വികാരിയായിരിക്കെ മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട നി.വ. ദി.ശ്രീ. ഡോ. ഗീവർഗീസ് മോർ കൂറിലോസ്, ഇവർ ഈ ഇടവകയുടെ അഭിമാനമാണ്.

*Source: Kottayam Diocese Souvenir, 2007*

Syriacchurch.org